GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
#v 0471-2334130

30th May 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: കരട് വോട്ടർ പട്ടിക ജൂൺ ഒന്നിന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഒക്ടോബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപട്ടിക ജൂൺ ഒന്നിന് പ്രസിദ്ധീകരിക്കും. ഈ വർഷം ജനുവരി-1 അടിസ്ഥാന യോഗ്യത തീയതി യാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച ഫോട്ടോ പതിച്ച വോട്ടർ പട്ടികയിലെ മുഴുവൻ വോട്ടർമാരേയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള വാർഡടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ഹൗസ് വെരിഫിക്കേഷൻ ഉദ്യോഗസ്ഥരെ നിയോഗിച്ചാണ് പുന:ക്രമീകരണം പൂർത്തിയാക്കിയത്.

തദ്ദേശഭരണ തിരഞ്ഞെടുപ്പിലും ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായവർക്കാണ് വോട്ടവകാശം. ഇതേ യോഗ്യതാ തീയതിയായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയിൽ പേര് ചേർത്ത മുഴുവൻ വോട്ടർമാരേയും കരട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേര് ചേർക്കാൻ കഴിയാത്ത വർക്കും തിരുത്തലുകൾ, സ്ഥലമാറ്റം എന്നിവ ആഗ്രഹിക്കുന്നവർക്കും ജൂൺ 10-ന് ശേഷം കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന സമയക്രമ പട്ടിക അനുസരിച്ച് അതിനുള്ള അവസരം ലഭിക്കും. വോട്ടർ പട്ടിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശോധനയ്ക്ക് ലഭിയ്ക്കും. കമ്മീഷൻ വെബ്സൈറ്റായ www.lsgelection.kerala.gov.in-ലും പട്ടിക ലഭ്യമാണ്. അംഗീകൃത രാഷ്ട്രീയ കക്ഷികൾക്കും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികൾക്കും പട്ടികയുടെ കോപ്പി സൗജന്യമായി ലഭ്യമാക്കും. മറ്റ് രാഷ്ട്രീയ കക്ഷികൾക്കും, വ്യക്തികൾക്കും നിശ്ചിത നിരക്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ നിന്ന് പട്ടിക ലഭിയ്ക്കും

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സെക്രട്ടറിമാരും, കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാരുമാണ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ. പേര് ചേർക്കാനും, തിരുത്തലുകൾക്കും, സ്ഥാനമാറ്റത്തിനുമുള്ള അപേക്ഷ ഓൺ ലൈൻ മുഖേന നൽകാവുന്നതാണ്. എന്നാൽ പേര് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ നേരിട്ട് സമർപ്പിക്കണം

*(എസ്.ഇ.സി. 23/2015)*